<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039</u> <u>14-02-2024 - ൽ മറുപടിയ്ക്ക്</u>

<u>വന്യജീവി ആക്രമണം തടയാൻ വിവര സാങ്കേതിക വിദ്യയുടെ സഹായം</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ്</td><td colspan="2">ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാനും ജനങ്ങളെ സംരക്ഷിക്കുവാനും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപീകരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;</td><td>(എ)</td><td>വന്യജീവി ആക്രമണം തടയാനും ജനങ്ങളെ സംരക്ഷിക്കാനുമായി വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപീകരിച്ച പദ്ധതികളുടെ വിശദശാംശം ചുവടെ ചേർക്കുന്നു.<br><br>1. ആധുനിക സാങ്കേതിക വിദ്യകളായ എം സ്ട്രിപ്സ്, ക്യാമറ ട്രാപ്പ്, വാക്കി ടോക്കി, ജി.പി.എസ്, എസ്.എം,എസ്, എ.ഐ ക്യാമറ, ഡിജിറ്റൽ സെൻസർ വാൾ , റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, റേഡിയോ കോളറിംഗ്, എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>2. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് Animal Intrution Detection and Repellent System പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡ്രോൺ ക്യാമറ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>3. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് സർപ്പ എന്ന മൊബൈൽ ആപ്ലിക്കേഷനും, സർപ്പയിൽ വരുന്ന റിപ്പോർട്ടുകൾ നോക്കി ഉടനടി അപകട സാധ്യത ഒഴിവാക്കുന്നതിന് പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.</td></tr>
<tr><td>(ബി)</td><td>വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് മുന്നറിപ്പ് നൽകുന്നതിനായി ഏർപ്പെടുത്തിയ ഏർളി വാർണിംഗ് സിസ്റ്റം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>വന്യജീവികൾ നാട്ടിലിറങ്ങുമ്പോൾ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി വനാതിർത്തിയോട് ചേർന്ന ജനവാസമേഖലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഏർളി വാണിംഗ് സിസ്റ്റം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശ വാസികൾക്ക് എസ്.എം.എസ് മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം</td></tr>
</table>

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുള്ളതും ആയതിൽ പ്രദേശവാസികളുടെ മൊബൈൽ നമ്പറുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (സി) | വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ കൂടുതൽ പദ്ധതികൾ രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിർമിത ബുദ്ധി അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വന്യജീവി ആക്രമണ പ്രതിരോധ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. സർപ്പ ആപ്പ് മാതൃകയിൽ പാമ്പുകൾ ഒഴികെയുള്ള മറ്റു വന്യജീവികളുടെ ആക്രമണ ഭീഷണി ലഘൂകരിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ